ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ പ്ലാന്റേഷൻ കോർപ്പറേഷന് കാസർഗോഡ് ജില്ലയിൽ 2293.6 ഹെക്ടർ ഭൂമിയാണ് കൈവശമുള്ളത്.

(ബി) 16-2-2011-ലെ ജി.ഒ.(എംഎസ്.)77/2011/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കോർപ്പറേഷൻ സെൻട്രൽ യൂണിവേഴ്സിറ്റിക്കുവേണ്ടി 310 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്.

വാടക കെട്ടിടങ്ങളിലെ കൃഷി ഓഫീസുകൾ

107 (2740) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര കൃഷി ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം നൽകാമോ ;

(ബി) പഞ്ചായത്ത് ഓഫീസുകളോട് ചേർന്ന് കെട്ടിട സൗകര്യം ഉണ്ടായിട്ടും മറ്റ് കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 7 ഓഫീസുകൾ ഉണ്ട്. അവ താഴെ പറയുന്നവയാണ്.

കൃഷി ഭവൻ - മറയൂർ, കാന്തല്ലൂർ, തൊടുപുഴ, അടിമാലി

കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് - അടിമാലി, നെടുങ്കണ്ടം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി) ഓഫീസ്-തൊടുപുഴ

(ബി) പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് കെട്ടിട സൗകര്യം ഉണ്ടായിട്ടും മറ്റ് കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന കൃഷി ഓഫീസുകൾ ഇടുക്കി ജില്ലയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരം

108 (2741) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം നടപ്പാക്കുന്നുണ്ടോ ;

(ബി) പുതുക്കിയ നിരക്കിൽ നാശനഷ്ടം കണക്കാക്കുമ്പോൾ കർഷകർക്ക് ലഭിക്കുന്ന നഷ്ടപരിഹാരം മുൻകാലങ്ങളേക്കാൾ കുറവാണ് എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു. ഉടൻ പരിഹാരം ഉണ്ടാവുന്നതാണ്.

നടപടി നേരിടുന്ന വ്യക്തിക്ക് കാർഷിക പദ്ധതി ആനുകൂല്യങ്ങൾ

109 (2742) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേമം നിയോജകമണ്ഡലത്തിലെ കോലിയക്കോട് പാടശേഖരത്തിൽ സ്വന്തം നിലത്തിന്റെ പകുതിയോളം നികത്തിയതിന് സബ്കളക്ടറുടെ നടപടി നേരിടുന്ന വ്യക്തിക്ക് മുഴുവൻ സ്ഥലത്തിനും കാർഷിക പദ്ധതി ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ശുപാർശകൾ നേമം കൃഷിഭവൻ ഉദ്യോഗസ്ഥർ നൽകുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ കൃഷി ഓഫീസർക്ക് കൃഷി ഡയറക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly